ഭരണഭാഷ - മാതൃഭാഷ

നം. എം(4)/ 14484/2023/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 22/08/2023
ഫോൺ : 0471 2580595
ഇ-മെയിൽ : supdtm.dge@kerala.gov.in

# സർക്കുലർ

വിഷയം : പൊ.വി.വ. - ഓഗസ്റ്റ് 23 ന് ചന്ദ്രയാൻ 3 ചന്ദ്രോപരിതലത്തിൽ ഇറങ്ങുന്ന ചരിത്ര മുഹൂർത്തത്തിന്റെ ഭാഗമാകുന്നത് - സംബന്ധിച്ച്.

ഇന്ത്യൻ ബഹിരാകാശ ഏജൻസിയായ 'ഇന്ത്യൻ സ്പെയ്സ് റിസർച്ച് ഓർഗനൈസേഷന്റെ' സുപ്രധാനമായൊരു ചുവടുവയ്പാണ് ചന്ദ്രയാൻ-3 ദൗത്യം. ഇന്ത്യയുടെ ശ്രദ്ധേയമായ ഈ നേട്ടം ഇന്ത്യൻ ജനതയ്ക്ക് അഭിമാനവും പ്രചോദനവും ആണ്.

ചന്ദ്രോപരിതലത്തിൽ ചന്ദ്രയാൻ-3 ഇറങ്ങുന്നത് ഓഗസ്റ്റ് 23 നാണ്. ഈ ചരിത്ര മുഹൂർത്തത്തിന്റെ ഭാഗമാകുന്നതിന് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 2023 ഓഗസ്റ്റ് 23 ന് വൈകുന്നേരം 5.15 p.m. മുതൽ 6.15 p.m. വരെ ചാന്ദ്രവിക്ഷേപം വീക്ഷിക്കുന്നതിനും സ്പെഷ്യൽ അസംബ്ലി ചേരുന്നതിനും സൗകര്യം ഒരുക്കേണ്ടതാണ്. പ്രൈമറി തലത്തിലെ കുട്ടികൾക്ക് അവരുടെ വീടുകളിൽ ഇത് വീക്ഷിക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്. ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ താൽപര്യമുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ചാന്ദ്രവിക്ഷേപണത്തിന്റെ 'Live Stream' കാണുന്നതിനുള്ള സൗകര്യം സ്കൂളുകളിൽ ഒരുക്കേണ്ടതാണ്. എല്ലാ അദ്ധ്യാപകരുടേയും സാന്നിദ്ധ്യവും ഉണ്ടായിരിക്കേണ്ടതാണ്. പ്രത്യേകിച്ചും സയൻസ് ക്ലബ് അംഗങ്ങൾ സയൻസ് ക്ലബ് ചുമതലയുള്ള അദ്ധ്യാപകർ സ്കൂൾതല പ്രവർത്തനങ്ങ പരിപാടികൾക്ക് നേതൃത്വം നൽകേണ്ടതാണ്. ഈ പരിപാടിയുടെ ഫോട്ടോ, വീഡിയോ

കൾ എന്നിവ school wiki – യിൽ upload ചെയ്യേണ്ടതാണ്. ചാന്ദ്രദൗത്യത്തിന്റെ വിജയകരമായ സംപ്രേഷണം ISRO യുടെ website https://www.isro.gov.in , ISRO's official you tube channel ' ISRO Official', ISRO's face book page https://www facebook.com/ISRO എന്നിവയിലും 'DD National TV channel' ലിലും ലഭ്യമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ആർ.ഡി.ഡി. മാർക്കും /
3) എല്ലാ എ.ഡി.മാർക്കും
4) എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും.
5) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
7) എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്

സി.ഇ.ഒ. കൈറ്റ് (ഓദ്യോഗിക വെബ് സെറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും സ്കൂൾ വിക്കിയിൽ അപ് ലൊഡ് ചെയ്യുന്നതിനുള്ള നടപടികൾക്കും.)